**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **23-07-2021 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക റിംഗ് ബണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോൾ നിലങ്ങളിൽ ഇക്കൊല്ലത്തെ കൃഷി ഇറക്കുന്നതിനും ഉപ്പ് വെള്ളം കയറി കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ താൽക്കാലിക റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇടിയഞ്ചിറ താൽക്കാലിക റിംഗ് ബണ്ടിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി, ഭരണാനുമതി എന്നിവ നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഏനാമാക്കൽ താൽക്കാലിക ബണ്ടിന്റെ ഭരണാനുമതി 20/07/2021 ൽ നൽകിയിട്ടുണ്ട്. |
| (ബി) | താല്ക്കാലിക റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. ഇടിയഞ്ചിറ - 15.5 ലക്ഷം രൂപ ഏനാമാക്കൽ - 36 ലക്ഷം രൂപ. |
| (സി) | പ്രസ്തുത താല്ക്കാലിക റിംഗ് ബണ്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (സി) | ഡിസംബർ ആദ്യവാരത്തിൽ പ്രവൃത്തി ആരംഭിച്ച് 20 ദിവസം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ